"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് - 18 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും(ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.430/2025/LBR തീയതി,തിരുവനന്തപുരം, 28-03-2025**

പരാമർശം:- 1. 11.02.2025-ലെ 692-ാമത് ബോർഡ് യോഗ തീരുമാനം.

2. ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ 01.03.2025-ലെ KTWWFB/1947/2024-IT1 നമ്പർ കത്ത്

**ഉത്തരവ്**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിവിധ ഓഫീസുകളിലെ 10 മുതൽ 15 വർഷം വരെ പഴക്കമുള്ളതും കാര്യക്ഷമത കുറഞ്ഞതുമായ കമ്പ്യൂട്ടറുകൾക്ക് പകരം സർക്കാരിന്റെ ഓൺലൈൻ പർച്ചേസ് പോർട്ടൽ ആയ CPRCS-ൽ നിന്നും കെൽട്രോണിന്റെ ഇൻവോയ്സ് പ്രകാരം Intel core i3, windows 11 Home, 8GB RAM, 512 GB SSD, 5 year warranty കോൺഫിഗറേഷനിൽ ഉള്ള 18 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ 6,97,338/- രൂപ ചെലവിൽ വാങ്ങുന്നതിന് പരാമർശം(1) പ്രകാരം തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ബോർഡിന്റെ വിവിധ ഓഫീസുകളുടെ ഉപയോഗത്തിനായി CPRCS വെബ് പോർട്ടലിൽ നിന്നും 6,97,338/- രൂപ (ആറു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി മുന്നൂറ്റി മുപ്പത്തിയെട്ട് രൂപ) ചെലവിൽ 18 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം(1) പ്രകാരം ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ അഭ്യർത്ഥിച്ചിരിക്കുന്നതോടൊപ്പം 2024-25 വർഷത്തെ ബഡ്ജറ്റ് ഹെഡിൽ മൂലധന ചെലവുകൾ - കമ്പ്യൂട്ടർ വത്ക്കരണം CE 1 (3) എന്ന ഹെഡിൽ എൺപത്തിയെട്ടു ലക്ഷം രൂപ ബാക്കി നിൽക്കുന്നുണ്ടെന്നും ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2024-25 വർഷത്തെ ബഡ്ജറ്റ് ഹെഡിൽ മൂലധന ചെലവുകൾ-കമ്പ്യൂട്ടർവത്ക്കരണം CE1(3) എന്ന ഹെഡിൽ ബാക്കി നിൽക്കുന്ന തുകയിൽ നിന്നും ₹6,97,338/- (ആറു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി മുന്നൂറ്റി മുപ്പത്തി എട്ട് രൂപ മാത്രം) തനതു ഫണ്ടിൽ നിന്നും വിനിയോഗിച്ച് ബോർഡിന്റെ വിവിധ ഓഫീസുകളിലെ കാലപ്പഴക്കം ചെന്നതും ഉപയോഗശൂന്യവുമായ കമ്പ്യൂട്ടറുകൾക്ക് പകരം Intel core i3, windows 11 Home, 8GB RAM, 512 GB SSD, 5 year warranty കോൺഫിഗറേഷനിൽ ഉള്ള 18 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ സർക്കാരിന്റെ ഓൺലൈൻ പർച്ചേസ് പോർട്ടൽ ആയ CPRCS--ൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ.കെ.ചന്ദ്ര
അഡിഷണൽ സെക്രട്ടറി

ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകപ്പ് (വെബ് & ന്യൂ മീഡിയ വിഭാഗം)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
Date: 28-03-2025 16:52:20

സെക്ഷൻ ഓഫീസർ

പകർപ്പ്:- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ സി.എ.-ക്ക്